പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

ചട്ടം 300 അനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവുംവകുപ്പുമന്ത്രി ശ്രീ. എ.കെ.ബാലൻ 2018 ജനുവരി 25 ന് സഭയിൽ നടത്തിയ പ്രസ്താവന

മൂന്ന് പതിറ്റാണ്ടുകാലത്തോളം ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് നടുനായകത്വം വഹിക്കുകയും കൊളോണിയൽ ഭരണത്തിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം നേടിത്തരുകയും ജീവിതത്തിലുടനീളം മതനിരപേക്ഷസമൂഹത്തിനു വേണ്ടി നിലകൊള്ളുകയും ലോകസമാധാനത്തിന്റെയും വിശ്വമാനവികതയുടെയും സന്ദേശവാഹകനുമായ മഹാത്മാഗാന്ധി രക്തസാക്ഷിയായിട്ട് എഴുപതാണ്ട് തികയുന്നു. അഹിംസ, സത്യാഗ്രഹം, നിസ്സഹരണം എന്നീ ആശയങ്ങളിലൂടെ രാജ്യത്തെ ആബാലവൃദ്ധം ജനങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യത്വവിരുദ്ധ സമരത്തിൽ അണിനിരത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് നിസ്സംശയം പ്രഖ്യാപിക്കുവാൻ കഴിയും വിധം സത്യസന്ധവും ആത്മാർത്ഥവുമായിരുന്നു അദ്ദേഹത്തിന്റെ പൊതുജീവിതം.

മഹാത്മാ ഗാന്ധി സ്വാതന്ത്ര്യസമരത്തിൽ രക്തസാക്ഷിത്വം വരിച്ചതായിരുന്നില്ല. സ്വാതന്ത്ര്യലബ്ധിക്കു മുമ്പും അതിനുശേഷവും സഹിഷ്ണുതയ്ക്കും സാഹോദര്യത്തിനും മാനവികതയ്ക്കും വേണ്ടി നിലകൊണ്ടതു കൊണ്ടാണ് അദ്ദേഹത്തിന് രക്തസാക്ഷിയാകേണ്ടി വന്നത്. നാനാജാതി മതസ്ഥർ ഒരുമയോടെ ജീവിക്കുന്ന ഭാരതത്തിൽ സനാതന ഹിന്ദുവെന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവന പഹരിച്ചത് മറ്റൊരു സനാതന ഹിന്ദുവായിരുന്നു എന്നത് രാഷ്ട്രം നേരിട്ട ദുര്യോഗമാണ്. അസഹിഷ്ണുതയിൽ അധിഷ്ഠിതമായ ആശയപ്രചരണമാണ് മഹാത്മാഗാന്ധിയുടെ ജീവൻ അപഹരിച്ചത്.

മതാടിസ്ഥാനത്തിൽ ദേശീയതയെ നിർവ്വചിക്കുന്നതിനും മതാടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾ രൂപീകരിക്കുന്നതിനുമെതിരായി സുവ്യക്തമായ നിലപാടെടുത്ത വ്യക്തിയായിരുന്നു ഗാന്ധിജി. പാക്കിസ്ഥാനും ഹിന്ദുസ്ഥാനും മാത്രമല്ല, അക്കാലത്ത് മതാടിസ്ഥാനത്തിൽ ഇസ്രായേൽ സ്ഥാപിക്കാനുള്ള ആശയത്തിനും അദ്ദേഹം എതിരായിരുന്നു. മതാടിസ്ഥാനത്തിൽ രാഷ്ട്രം രൂപീകരിക്കപ്പെട്ടാലുണ്ടാകുന്ന ദുരന്തം പാലസ്തീൻ ജനതയുടെ ഇന്നത്തെ അവസ്ഥയിൽ നിന്നും നമുക്ക് സുവ്യക്തമാണല്ലോ.

മതാതീതമായ മാനവികതയ്ക്കും സാഹോദര്യത്തിനും സഹിഷ്ണുതയ്ക്കും വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൽ ജീവൻ വെടിഞ്ഞ മഹാത്മാഗാന്ധി

യുടെ രക്തസാക്ഷിത്വം 2018 ജനുവരി 30 മുതൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ 'രക്തസാക്ഷ്യത്തിന്റെ 70 വർഷങ്ങൾ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ സംസ്ഥാനത്തൊട്ടാകെ ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഗാന്ധിജി കേരളത്തിൽ സന്ദർശിച്ച സ്ഥലങ്ങളും അദ്ദേഹവുമായി സഹകരിക്കുകയും ഐക്യപ്പെടുകയും ചെയ്ത വ്യക്തികളും ചരിത്ര സന്ദർഭങ്ങളും കോർത്തിണക്കി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികൾ ജില്ലകൾ തോറും വിപുലമായി ആചരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്.

ഈ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ ജനുവരി മാസം 30 ന് വൈകിട്ട് 5.30 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവ്വഹിക്കുന്നതാണ്. ചടങ്ങിൽ പ്രതിപക്ഷനേതാവ് ശ്രീ രമേശ് ചെന്നിത്തല, മഹാത്മാഗാന്ധിയുടെ പ്രപൗത്രനും മഹാത്മാ ഗാന്ധി ഫൗണ്ടേഷന്റെ അദ്ധ്യക്ഷനും പത്രപ്രവർത്തകനുമായ ശ്രീ. തുഷാർ ഗാന്ധി, സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്നതാണ്. ഗാന്ധിജിയെ കുറിച്ചുള്ള കവിതകളുടെയും ജീവിതമുഹൂർത്തങ്ങളുടെയും ദൃശ്യാവിഷ്കരണവും, പ്രഭാഷണങ്ങൾ തുടങ്ങിയ സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കുന്നതാണ്. ജനുവരി 29, 30 തീയ്യതികളിൽ ഗാന്ധിജിയുടെ ജീവിതം ആസ്പദമാക്കി വിപുലമായ എക്സിബിഷൻ വിജെടി ഹാളിൽ സംഘടിപ്പിക്കുന്നുണ്ട്.

ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികവും സ്വാമി വിവേകാനന്ദന്റെ ചരിത്രപ്രസിദ്ധമായ കേരള സന്ദർശനത്തിന്റെ 125 ാം വാർഷികവും വളരെ വിപുലമായ പരിപാടികളോടെ സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളും സെമിനാറുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാനും വലിയൊരു വിഭാഗം ജനങ്ങളിലേക്ക് ഇതിന്റെ സന്ദേശം എത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട്. സമാനമായ രീതിയിൽ അങ്ങേയറ്റം ജനകീയമായി കക്ഷി-രാഷ്ട്രീയ ഭേദമന്യേ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലേക്കും എത്തിക്കുന്നതിനാണ് ഒരുവർഷം നീണ്ടുനിൽക്കുന്ന മഹാത്മജിയുടെ രക്തസാക്ഷിത്വത്തിന്റെ 70 വർഷങ്ങൾ എന്ന പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്.

മഹാത്മാഗാന്ധി ഉയർത്തിപ്പിടിച്ച സഹിഷ്ണുത, മതനിരപേക്ഷത, മാനവികത എന്നീ മൂല്യങ്ങൾ വിദ്യാർത്ഥികളിലും യുവജനങ്ങളിലും പകർന്നു നൽകുന്നത് രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അത്യന്താപേക്ഷിതമാണ്. ഗാന്ധിജിയുടെ സൗമ്യസാന്നിധ്യം പ്രതിമകളിലും ചിത്രങ്ങളിലും സ്ഥാപിച്ച് ബിംബവൽക്കരിക്കുക മാത്രമല്ല, പകരം ഗാന്ധിജി എന്ന ദേശീയനേതാവിനെ ആദരിക്കുകയും അദ്ദേഹത്തിന്റെ ചിന്തകളെ ദൈനംദിന സാമൂഹ്യ ജീവിതത്തിൽ സജീവമാക്കുകയുമാണ് വേണ്ടത്. ഗാന്ധിജിയെപ്പോലെ തന്നെ മറ്റിതര സ്വാതന്ത്ര്യസമര സേനാനികളെയും തമസ്കരിക്കാനും അപമാനിക്കാനും ശ്രമിക്കുന്ന പ്രതിലോമ ചിന്തകളെ ശക്തമായി നേരിടേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഗാന്ധിജി ജീവൻ ത്യജിക്കേണ്ടിവന്ന, മതേതരത്വം എന്ന ആ മഹനീയ ആശയത്തിന് ഭംഗം വരുന്ന നിലപാടുകളെ ഗാന്ധി ചിന്തകൾ കൊണ്ട് തന്നെ പ്രതിരോധിക്കാൻ നമുക്ക് കഴിയണം. ഗാന്ധിജിയുടെ വധത്തിന് പിന്നിലെ കറുത്തകൈകളേതെന്ന് പുതുതലമുറ തിരിച്ചറിയേണ്ടതുണ്ട്. ജവഹർലാൽ നെഹ്റു പറഞ്ഞതുപോലെ നമ്മുടെ ആത്മാവുകളിൽ നിന്ന് ആ ദിവ്യപ്രഭ പൊലിഞ്ഞുപോയതിന് പിന്നിലെ അന്തർനാടകങ്ങളും പുതിയ തലമുറ അറിയേണ്ടതുണ്ട്. അടുത്ത ഒരു വർഷത്തേക്ക് തുറന്നിടുന്ന ചർച്ചാവേദികളും സ്മാരക ഭാഷണങ്ങളും ഇതിനുള്ള ഊർജ്ജമായി മാറ്റുവാനാണ് സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നത്.

ഈ ക്രിയാത്മക ചർച്ച സമൂഹത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യക്തികളിലും എത്തിക്കുന്നതിന് ഈ സഭയുടെ പൂർണപിന്തുണ ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 ജനുവരി 25.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.